(ബി) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസ്സിൽ എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും ഉള്ള സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ ;

(സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 349, 378, 403, 405 (പ്രൊവിഷണൽ) സ്കൂളുകൾ അൺ എക്കണോമിക് ആയി ലിസ്റ്റ് ചെയ്തിട്ടുണ്ട്. വർഷാടിസ്ഥാനത്തിലുള്ള സ്കൂൾ ലിസ്റ്റ് അനുബന്ധം (1)* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 2011-15 വരെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിലെ കുട്ടികളുടെ എണ്ണം അനുബന്ധം (2) ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് കഴിഞ്ഞ കുറേ വർഷങ്ങളായി കാണപ്പെടുന്നുണ്ട്. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പ്രവർത്തന ഫലമായി കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ചില ജില്ലകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സി.ബി.എസ്.ഇ., സ്കൂളുകളോടുള്ള ആഭിമുഖ്യവും അൺ എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നതും പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നുള്ള നിയമനം

96 (5171) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വകുപ്പിലെ ഒഴിവുകളിലേക്ക് സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടു വ്യത്യസ്ത വകുപ്പുകളായതിനാൽ പ്രസ്തുത നിയമനം നിയമാനുസൃതമാണോ ; നിലവിലുള്ള ചട്ടപ്രകാരം പ്രസ്തുത നിയമനം സാധ്യമാണോ ;

(സി) ഹയർസെക്കന്ററി വകുപ്പിൽ വർഷങ്ങളായി ഉള്ളവരുടെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുന്ന ഇത്തരം നിയമനങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 13-7-2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 5289/2015/പൊ.ഭ.വ പ്രകാരം സെക്രട്ടറിയേറ്റിൽനിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(ബി&സി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനെ ഒരു സ്വയംപര്യാപ്ത വകുപ്പിന്റെ പദവിയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 27-4-2015-ലെ ജി.ഒ. (എം.എസ്)നമ്പർ 96/15/പൊ.വി.വ ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താല്പര്യമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിനും അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായതനുസരിച്ച് 33 യൂണിവേഴ്സിറ്റി ജീവനക്കാർ മാതൃ സ്ഥാപനത്തിലേക്ക് വിടുതൽ ചെയ്തു. ഈ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടിയാണ് സെക്രട്ടറിയേറ്റിൽനിന്നും 19 സെക്ഷൻ ഓഫീസർമാരെ അവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത്. സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പിലെ ജീവനക്കാർക്ക് പ്രൊമോഷൻ നിയമനം ലഭിക്കുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം അവസാനിക്കുന്നതാണ്.

പ്ലാൻ സ്കീം-മിഷൻ 100 പദ്ധതി

97 (5172) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 പ്ലാൻ സ്കീം-മിഷൻ 100 പദ്ധതി സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) 2015-16 വർഷം എത്ര സ്കൂളുകളെയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുക ;

(സി) പ്രസ്തുത സ്കീമിൽ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly